11. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

12. ഫാമുകളുടെ ശാക്തീകരണം

13. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനുള്ള സാമ്പത്തിക സഹായം

14. കേരള ഫീഡ്സ് ലിമിറ്റഡിന് സാമ്പത്തിക സഹായം

15. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിനുള്ള സഹായം

16. എം.പി.ഐ.-യ്ക്കുള്ള സഹായം

17. മൃഗചികിൽസാ സേവനവും മൃഗാരോഗ്യവും

18. വെറ്ററിനറി സേവനം

19. മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും (50 ശതമാനം കേന്ദ്ര സഹായം)

20. കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും (60 ശതമാനം കേന്ദ്ര വിഹിതം)

21. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

(ബി) നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

2016-17 മുതൽ 2021-22 വരെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പിന്റെ സ്ഥാപനങ്ങൾ**

220 (6745) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും വിശദാംശങ്ങൾ നൽകാമോ?

മൃഗസംരക്ഷണ വകുപ്പ് തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ആകെ 10 വെറ്ററിനറി ഡിസ്പെൻസറികളും 8 ICDP ഉപകേന്ദ്രങ്ങളും ഉണ്ട്. ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. അരിമ്പൂർ വെറ്ററിനറി ഡിസ്പെൻസറി

2. മണലൂർ വെറ്ററിനറി ഡിസ്പെൻസറി

3. ചൂണ്ടൽ വെറ്ററിനറി ഡിസ്പെൻസറി

4. മറ്റം വെറ്ററിനറി ഡിസ്പെൻസറി

5. എളവള്ളി വെറ്ററിനറി ഡിസ്പെൻസറി

6. മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറി

7. വെങ്കിടങ്ങ് വെറ്ററിനറി ഡിസ്പെൻസറി

8. പാവറട്ടി വെറ്ററിനറി ഡിസ്പെൻസറി

9. തൈക്കാട് വെറ്ററിനറി ഡിസ്പെൻസറി

10. വാടാനപ്പിള്ളി വെറ്ററിനറി ഡിസ്പെൻസറി

<u>ICDP ഉപ കേന്ദ്രങ്ങൾ</u>

1. കുന്നത്തങ്ങാടി ICDP ഉപ കേന്ദ്രം

2. മണലൂർ ICDP ഉപ കേന്ദ്രം

3. വെട്ടുകാട് ICDP ഉപ കേന്ദ്രം

4. വാക ICDP ഉപ കേന്ദ്രം

5. ചിറ്റാട്ടുകര ICDP ഉപ കേന്ദ്രം

6. എലവത്തൂർ ICDP ഉപ കേന്ദ്രം

7. പെരിങ്ങോട് ICDP ഉപ കേന്ദ്രം

8. വാടാനപ്പിള്ളി ICDP ഉപ കേന്ദ്രം

ക്ഷീരവികസന വകുപ്പ് മുല്ലശ്ശേരി ക്ഷീരവികസന യൂണിറ്റ് മുല്ലശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ, ഓഫീസുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അംഗീകൃത തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ?

അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഒഴിവുകളുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(സി & ഡി) നിലവിൽ ഒഴിവുകളില്ല.

**കാർഷിക നയത്തിലെ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ**

221(6746) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാർഷിക നയത്തിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകൾ ഏതെല്ലാമാണെന്നും പ്രസ്തുത ശിപാർശകളിൽ ഏതെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗങ്ങളിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ച ശിപാർശകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിൽ കന്നുകാലികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുക, ഊർജ്ജിത കന്നുകാലിവികസന പദ്ധതി, (കൃത്രിമ ബീജാധാന പദ്ധതി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ആയതിലൂടെ മൃഗസംരക്ഷണ മേഖലയിൽ കന്നുകാലികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുമായിട്ടുണ്ട്.

2. യുവജനങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുക, സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കുകവഴി സംരംഭകർക്ക് ഈ മേഖലയിലെ സാധ്യതകളും മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങളിലൂടെ പരിശീലന പരിപാടികളും നൽകിവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ആടുവളർത്തൽ പോലുള്ള പദ്ധതികൾ-19 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് ഒന്നിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി നടപ്പിലാക്കിവരുന്നു. ഇവയിലൂടെ തൊഴിലും സംരംഭകത്വവും പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു.

3.കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽകറക്കുന്നത് യന്ത്രവൽക്കരിക്കൽ, മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നത് തുടരൽ,

LIBRARY ARCHIVES Kerala Legislative Assembly